ബൈബിൾ ചിത്രകഥ 12

# ദാവീദ് രാജാവ്



ബൈബിൾ ചിത്രകഥ-12

# ദാവീദ് രാജാവ്

രചന : മൈക്കിൾ കാരിമറ്റം

ചിത്രീകരണം : ദേവസി * ബെന്നി

# ദാവീദ് രാജാവ്

ശത്രുക്കളുടെ ആക്രമണവും ആഭ്യന്തര കലാപവും വഴി നാശത്തിന്റെ വക്കിലെത്തിയ ഇസ്രായേലിനെ ശക്തമായ ഒരു സാമ്രാജ്യമായി പടുത്തുയർത്തിയത് ദാവീദ് രാജാവാണ്. സമർത്ഥവും തന്ത്രപരവുമായ നീക്കങ്ങളിലൂടെ ഇസ്രായേൽ ജനത്തെ മുഴുവൻ തൻറെ നേതൃത്വത്തിൻ കീഴിൽ ഒന്നിപ്പിക്കുകയാണ് അദ്ദേഹം ആദ്യമേ ചെയ്തത്. ഒറ്റക്കെട്ടായി നിന്ന ജനത്തിന്റെ പിന്തുണയോടെ ശത്രുരാജ്യങ്ങളെ ഒന്നൊന്നായി കീഴടക്കാനും തന്റെ സാമ്രാജ്യം യൂഫ്രട്ടീസ് നദീതീരം വരെ വ്യാപിപ്പിക്കാനും

അദ്ദേഹത്തിനു സാധിച്ചു. ദേശത്തെങ്ങും സമാധാനവും സമൃദ്ധിയും ഉണ്ടായി. നാൽപതു വർഷം **(ബിസി 1010 - 970)** ദാവീദ് ഇസ്രായേലിനെ ഭരിച്ചു.

ജബൂസ്യരുടെ പട്ടണമായിരുന്ന ജെറുസലെം പിടിച്ചെടുത്ത് ഇസ്രായേലിന്റെ തലസ്ഥാനമാക്കിയത് സാമ്രാജ്യ സ്ഥാപനത്തിന്റെ നിർണായകമായ ഒരു ഭാഗമായിരുന്നു. ഇസ്രായേൽ ഗോത്രങ്ങൾ ഒന്നിനും പ്രത്യേകമായ അവകാശം പറയാനില്ലാതിരുന്ന ഈ നഗരം ദാവീദിന്റെ പട്ടണമെന്നു വിളിക്കപ്പെട്ടു. ഉടമ്പടിയുടെ പേടകം അവിടെ സ്ഥാപിച്ചതോടെ ജറുസലെം വിശുദ്ധ

നഗരമെന്നും കർത്താവിൻറെ പട്ടണമെന്നും അറിയപ്പെടാൻ തുടങ്ങി. ദൈവരാജ്യത്തിന്റെ പ്രതീകമായിട്ടാണ് പുതിയ നിയമം ജറുസലെമിനെ വീക്ഷിക്കുന്നത്.

അഗാധമായ വിശ്വാസവും ദൈവസ്നേഹവും ഉള്ള ഒരു രാജാവായിരുന്നു ദാവീദ്. തന്നെ സ്നേഹിക്കുകയും തിരഞ്ഞെടുക്കുകയും ചെയ്ത ദൈവത്തിൻറെ ദാനമായിട്ടാണ് തന്റെ നേട്ടങ്ങളെല്ലാം അദ്ദേഹം കണ്ടത്. ജെറുസലേമിലേക്ക് ആഘോഷപൂർവ്വം കൊണ്ടുവന്ന പേടകത്തിന് മുമ്പിൽ സ്ഥാനമാനങ്ങൾ മറന്ന് നൃത്തം ചെയ്യുന്ന ദാവീദ് ദൈവത്തോടുള്ള സ്നേഹവും ആദരവും

പ്രകടമാക്കുകയായിരുന്നു. യാഹ്‌വെയിലുള്ള വിശ്വാസം ഇസ്രായേലിൽ വേരുറപ്പിക്കുന്നതിലും പ്രചരിപ്പിക്കുന്നതിലും ദാവീദ് വലിയൊരു പങ്കുവഹിച്ചു. പേടകം സ്ഥിതി ചെയ്യുന്ന കൂടാരത്തിൽ നിരന്തരം ശുശ്രൂഷ ചെയ്യാൻ പുരോഹിതരെയും ലേവായരെയും അദ്ദേഹം ഏർപ്പെടുത്തി. ദൈവാരാധനക്കായി നിരവധി ഗാനങ്ങളും സംഗീതവും അദ്ദേഹം രചിച്ചു.

നാഥാൻ പ്രവാചകൻ വഴി ദൈവം ദാവീദിനു നൽകിയ വാഗ്ദാനം രക്ഷകനെ സംബന്ധിച്ച അതിപ്രധാനമായ ഒരു പ്രവചനമാണ്. ഏത് ദേശീയ പ്രതിസന്ധിയിലും പ്രതീക്ഷ കൈവെടി

യാതിരിക്കാൻ ഈ പ്രവചനം ഇസ്രായേൽ ജനത്തെ സഹായിച്ചു. "ദാവീദിന്റെ പുത്രനായ" നസ്രത്തി ലെ യേശുവിൽ ഈ പ്രവചനം പൂർത്തിയാകുന്നു.

ഇസ്രായേലിന്റെ ചരിത്രത്തിലെ ഏറ്റവും മഹാനായ രാജാവായിട്ടാണ് ബൈബിൾ ദാവീദിനെ ചിത്രീകരിച്ചിരിക്കുന്നത്. എന്നാലും അദ്ദേഹത്തിൻറെ പരിമിതികളും പാളിച്ചകളും ബൈബിൾ മറച്ചുവയ്ക്കുന്നില്ല. രാജ്യസംവി ധാനത്തിൽ വന്ന പാളിച്ചകൾ ദാവീദ് കെട്ടിപ്പടുത്ത സാമ്രാജ്യത്തിന്റെ തകർച്ചയ്ക്കു തന്നെ കാരണമായി. കീഴടക്കിയ രാജ്യങ്ങളെ ഇസ്രാ യേലിൽ ലയിപ്പിക്കുകയല്ല അവ ഓരോന്നിനെയും

സാമന്തരാജ്യങ്ങളായി നിലനിർത്തുകയാണ് ദാവീദ് ചെയ്തത്. അങ്ങനെ രാജാവെന്ന ഏക വ്യക്തിയെ കേന്ദ്രമാക്കി ചലിക്കുന്ന നിരവധി ഉപഗ്രഹങ്ങളുടെ ഒരു സമുച്ചയമായിത്തീർന്നു ദാവീദിന്റെ സാമ്രാജ്യം. ക്രമാതീതമായ അധികാര കേന്ദ്രീകരണത്തിനും വ്യക്തിപൂജയ്ക്കും ഇതു വഴിയൊരുക്കി. രാജ്യഭരണത്തിനായി രാജാവു നിർമ്മിച്ച നിയമങ്ങൾ പലപ്പോഴും ഉടമ്പടിയുടെ നിയമങ്ങളെ അവഗണിക്കുന്നവയായിരുന്നു. സർവ്വ അധികാരവും ധനവും ചുരുക്കം വ്യക്തികളുടെ കൈകളിൽ ഒതുങ്ങാനും ഭൂരിപക്ഷ ത്തെ ദാരിദ്ര്യത്തിലും അടിമത്തത്തിലും തളച്ചി ടാനും ഈ ഭരണസംവിധാനം കാരണമായി.

രാജ്യ സംവിധാനത്തിലെന്നതുപോലെ വ്യക്തി ജീവിതത്തിലും ദാവീദിന് ഏറെ പാളിച്ചകൾ സംഭവിച്ചു. അനേകം സ്ത്രീകളെ ഭാര്യമാരായി സ്വീകരിച്ചതു ദാവീദിൻറെ പതനത്തിനു മുഖ്യ കാരണമായി. പല ഭാര്യമാരിൽനിന്നു ജനിച്ച മക്കൾ തമ്മിലുള്ള കലഹങ്ങളും അധികാര ത്തിനുവേണ്ടിയുള്ള വടംവലികളും ദാവീദിന്റെ ജീവിതത്തെ ദുഃഖപൂർണ്ണമാക്കുകയും രാജ്യത്തെ ആഭ്യന്തര കലാപത്താൽ ഉലയ്ക്കുകയും ചെയ്തു. അന്യൻറെ ഭാര്യയിൽ ആകൃഷ്ടനായ രാജാവ് വ്യഭിചാരത്തിനും അത് മറച്ചുവയ്ക്കാനായി കൊലപാതകത്തിനും മുതിർന്നു. എന്നാൽ താൻ


ചെയ്ത തെറ്റിന്റെ കാഠിന്യം പ്രവാചക വചനത്തിലൂടെ ബോധ്യമായപ്പോൾ ദാവീദ് അനുതപിക്കാൻ തയ്യാറായി.

സഹജീവികൾക്കെതിരായി ചെയ്ത തെറ്റു ദൈവത്തിനെതിരായി ചെയ്ത പാപമായി ദാവീദ് കണ്ടു. തെറ്റു പരസ്യമായി ഏറ്റുപറഞ്ഞു മാപ്പിരക്കുകയും പ്രായശ്ചിത്തമനുഷ്ഠിക്കുകയും ചെയ്യുന്ന ദാവീദ് യഥാർത്ഥ അനുതാപത്തിന്റെ മാതൃകയാണ്. അതേസമയം, നിരാലംബരെ പീഡിപ്പിക്കുന്ന ശക്തനെ ദൈവം വെറുതെ വിടില്ല എന്നും ദാവീദിന്റെ അനുഭവം പഠിപ്പിക്കുന്നു. അഗാധമായ അനുതാപം അണപൊട്ടിയ

പ്രാർത്ഥനകളാണ് ഏറ്റവും ഹൃദയസ്പർശിയായ ദാവീദിന്റെ സങ്കീർത്തനങ്ങൾ. അനുതപിച്ചു മാപ്പിരക്കാനും തെറ്റു തിരുത്താനുമുള്ള വിനയത്തിലാണ് ദാവീദിന്റെ വ്യക്തിത്വ മഹാത്മ്യം ഏറ്റവും കൂടുതൽ പ്രകടമാകുന്നത്. കർത്താവിൻറെ കരുണയിലുള്ള അടിപതറാത്ത വിശ്വാസമാണ് അദ്ദേഹത്തെ ഇതിന് സഹായിച്ചത്. ദാവീദ് ദൈവത്തിനു പ്രിയപ്പെട്ട ഒരു മനുഷ്യനായിരുന്നു. ഇസ്രായേലിലെ ഏറ്റവും വലിയ രാജാവും.

സാവൂളിൻറെ മരണത്തിനുശേഷം ഹെബ്രോണിലേക്കു മടങ്ങിവന്ന ദാവീദിനെ യൂദാ ഗോത്രം രാജാവായി അംഗീകരിച്ചു. മറ്റു ഗോത്രങ്ങൾ സാവൂളിൻറെ മകനായ ഇഷ്ബോഷെത്തിനെ പിന്താങ്ങി. അബ്നേറായിരുന്നു അവരുടെ സേനാധിപൻ. ദാവീദ് തൻറെ സേനാധിപനായ യോവാബിനോട്:





അതേസമയം സാവൂളിൻറെ സേനാനായകനായിരുന്ന
അബ്നേർ സൈന്യസമേതം ഹെബ്രോണിനെതിരെ നീങ്ങി. ദാവീദിൻറെ
സൈന്യം യോവാബിൻറെ നേതൃത്വത്തിൽ അവരെ നേരിട്ടു.


ദാവീദിൻറെ സൈന്യം ജയിച്ചു. പക്ഷെ യോവാബിൻറെ സഹോദരനെ അബ്നേർ വധിച്ചു. സന്ധ്യയായപ്പോൾ.





യുദ്ധം നിർത്തി നമുക്കു തിരിച്ചുപോകാം. അവർ ഇനി നമ്മെ ആക്രമിക്കാൻ വരില്ല.


തെക്ക് ഏദോം പടനീക്കം തുടങ്ങിയിരിക്കുന്നു. കിഴക്കുനിന്നു അമ്മോന്യരും മൊവാബ്യരും നമ്മെ ആക്രമിക്കാൻ ഒരുങ്ങുകയാണ്. വടക്കു ഫിലിസ്ത്യരും സൈന്യത്തെ ഒരുക്കുന്നുണ്ട്.
ഫിലിസ്ത്യർ ഇസ്രയേലുമായി പടവെട്ടിക്കൊള്ളും. മൊവാബ്യർ എൻറെ ബന്ധുക്കളാണ്. അതിനാൽ ആദ്യമേ ഏദോമിന്റെയും ആമ്മോന്റെയും കാര്യം തീരുമാനിക്കാം.
!


പകുതി സൈന്യവുമായി ഏദോമിനെതിരെ നീങ്ങുക. അമ്മോന്യരെ ഞാൻ നേരിട്ടുകൊള്ളാം.





ആഴ്ചകൾക്കകം രണ്ടു യുദ്ധവും ദാവീദ് ജയിച്ചു. ഇഷ്ബോഷെത്തുമായി പിണങ്ങിയ അബ്നേർ ദാവീദിനെ കാണാൻ വന്നു.
ഇസ്രായേൽ എൻറെ സഹോദരങ്ങളാണ്. നിങ്ങൾ എന്നെ രാജാവായി സ്വീകരിക്കാൻ ഒരുക്കമാണെങ്കിൽ നമുക്ക് ഒരുമിച്ചു നിൽക്കാം.
ഇന്നേക്ക് നാൽപതാം ദിവസം ഇസ്രായേലിൻറെ പതിനൊന്നു ഗോത്രങ്ങളുടെയും തലവന്മാർ ഇവിടെവന്ന് അങ്ങയെ രാജാവായി അംഗീകരിക്കുന്നതായിരിക്കും.
!



വരുമ്പോൾ എന്റെ ഭാര്യയായ മിക്കാളിനെയും കൂട്ടിക്കൊണ്ടു വരണം. സാവൂൾ അവളെ ആർക്കോ വിവാഹം ചെയ്തു കൊടുത്തിരിക്കുന്നു.
അക്കാര്യം ഞാനേറ്റു.


ഇസ്രായേലിനെ വീണ്ടും ഒരു ജനമായി ഒന്നിപ്പിക്കുന്ന കർത്താവായ ദൈവമേ, അങ്ങേക്കു സ്തുതി.

ദാവീദിൻറെ അടുക്കൽ നിന്ന് സമാധാനത്തോടെ പിരിഞ്ഞ അബ്നേറിനെ യോവാബു വഴിക്കുവച്ചു കണ്ടുമുട്ടി. തൻറെ സഹോദരനെ കൊന്നതിൻറെ പകപോക്കാൻ....




ഈ വിവരം അറിഞ്ഞ ദാവീദ് വിലപിച്ചു.
ഓ അബ്നേർ,
ഇസ്രായേലിന്റെ
വീരയോദ്ധാവായ നീ എത്ര
നീചമായി വധിക്കപ്പെട്ടു!


അബ്നേറിൻറെ രക്തത്തിൽ എനിക്കു പങ്കില്ല. എല്ലാവരും ചാക്കുടുത്തു വിലപിക്കുവിൻ.
രാജാവു തീർച്ചയായും നീതിമാൻ തന്നെ
ഇദ്ദേഹമാണ് യഥാർത്ഥ രാജാവ്.

അബ്നേർ വധിക്കപെട്ടതറിഞ്ഞപ്പോൾ ഇഷ്ബോഷെത്ത് പലായനം ചെയ്തു. ഒരു പടയാളി അയാളുടെ തല വെട്ടിയെടുത്തു ദാവീദിൻറെ അടുക്കൽ കൊണ്ടുവന്നു.





നിർഭയനായി ഉറങ്ങിക്കിടന്നവനെ ചതിയിൽ കൊന്ന നിനക്ക് എന്ത് സമ്മാനമാണു വേണ്ടത്? സേവകർ! ഇവൻറെ തലവെട്ടി നഗരവാതിൽക്കൽ തൂക്കിയിടൂ.

ദാവീദിൻറെ പ്രവൃത്തി ജനങ്ങൾക്കെല്ലാം ഇഷ്ടമായി.




ഇസ്രായേൽ ജനം ഒന്നടങ്കം ദാവീദിനെ രാജാവായി വാഴിക്കാൻ ഹെബ്രോണിൽ ഒരുമിച്ചുകൂടി.





വാഗ്ദാനങ്ങളിൽ വിശ്വസ്തനായ കർത്താവേ,
അങ്ങയുടെ കാരുണ്യത്തെ ഞാൻ പാടിപ്പുകഴ്ത്തും.


യൂദായുടെ വടക്കേ അതിർത്തിയിൽ താമസിച്ചിരുന്ന
ജബുസ്യരുടെ കോട്ടയായ ജറുസലേം ദാവീദ് ആക്രമിച്ചു.
നീർപ്പാത്തിയിലൂടെ നുഴഞ്ഞു കയറുവിൻ
?!!


ദാവീദിൻറെ പടയാളികൾ കോട്ട കീഴടക്കി.





ഇന്നുമുതൽ ഇതായിരിക്കും ഇസ്രായേലിൻറെ തലസ്ഥാനം. സമാധാനത്തിൻറെ പട്ടണം എന്നർത്ഥമുള്ള 'ജറുസലേം' എന്ന പേരിൽത്തന്നെ ഇത് അറിയപ്പെടും.
ഇതു ദാവീദിൻറെ പട്ടണമാണ്.
ഈ കോട്ടയുടെ കേടുപാടുകൾ തീർക്കണം. ചുറ്റും കിടങ്ങുകൾ കുഴിച്ചു കൂടുതൽ സുരക്ഷിതമാക്കണം. രണ്ടു ചുറ്റുമതിൽ കൂടി പണിയണം.


നമുക്കെല്ലാം താമസിക്കാൻ വീടുകൾ വേണം. ടയിർ രാജാവായ ഹീരാമിന്റെ അടുക്കൽ നിന്നു കെട്ടിടം പണികൾക്ക് ആവശ്യമായ ദേവദാരുവും കരുവേലകവും മറ്റും വാങ്ങണം. വിദഗ്ധരായ ശിൽപികളെയും വരുത്തണം.
!
!

ചെത്തിയൊരുക്കിയ വെണ്ണക്കല്ലുകൊണ്ടു ശിൽപികൾ
മനോഹരങ്ങളായ കൊട്ടാരങ്ങൾ പണിതു.





കോട്ടയും കിടങ്ങുകളും
സുശക്തമാക്കി. കനത്ത
വാതിലുകൾ കോട്ടയ്ക്കു
ഭദ്രത നൽകി.



ഞാൻ അരമന പണിതു വസിക്കുന്നു. എന്നാൽ കർത്താവിൻറെ പേടകം ഇപ്പോഴും ഹെബ്രോണിൽത്തന്നെ ഇരിക്കുകയാണല്ലോ.


നമുക്കു കർത്താവിൻറെ പേടകം ജെറുസലേമിലേക്ക് കൊണ്ടുവരണം. പുരോഹിതന്മാരെ വിളിക്കൂ.

പുരോഹിതവിധിപ്രകാരം പേടകം ആഘോഷപൂർവം ജറുസലേമിലേക്കു കൊണ്ടുവന്നു.




അന്നുരാത്രി ദാവീദ് ഭാര്യ മിക്കാളുമായി സംസാരിക്കുന്നു
രാജാവിൻറെ നൃത്തം കേമമായി. നാണ മില്ലല്ലോ ഇങ്ങനെ തുള്ളിച്ചാടാൻ.
എന്തുപറഞ്ഞു? ഞാൻ എൻറെ കർത്താവിൻറെ മുമ്പിലാണു സ്തുതി പാടിയത്.
ആ ദാസിമാരുടെ മുമ്പിൽ ഇങ്ങനെ വസ്ത്രമുരിഞ്ഞു കൂത്തു കളിക്കേണ്ടായിരുന്നു.


കർത്താവിൻറെ മുമ്പിൽ എല്ലാവരും തുല്യരാണ്. അവിടെ മറച്ചുവയ്ക്കാൻ എനിക്കൊന്നുമില്ല.
രാജാവാണെങ്കിൽ അതിന്റേതായ അന്തസ്സു വേണം. അല്ലെങ്കിൽ നിങ്ങളെ ആരും വകവയ്ക്കില്ല.
?


കർത്താവു നൽകുന്ന മാന്യത
മതി എനിക്ക്. നിനക്കാണു
പ്രശ്നമെങ്കിൽ
അന്തഃപുരത്തിലേക്കു
മടങ്ങാം.
?



ദാവീദിൻറെ സാമ്രാജ്യം സുസ്ഥിരമായി
നാഥാൻ പ്രവാചകാ, എൻറെ മനസ്സിന് ഒരു സ്വസ്ഥതയുമില്ല.
ശത്രുക്കളെല്ലാം പരാജയപ്പെട്ടില്ലേ? നാട്ടിൽ സമൃദ്ധി കളിയാടുന്നു. അരമന എത്ര മനോഹരം!
അരമന! അത് തന്നെയാണ് പ്രശ്നം.
!



ഞാനിങ്ങനെ സുഖമായി വസിക്കുമ്പോൾ കർത്താവിൻറെ പേടകം കൂടാരത്തി-ലിരിക്കുകയാണ്.
അതിനെന്താ കുഴപ്പം? കൂടാരമാണല്ലോ കർത്താവിനിഷ്ടം.
!


അതല്ല, കർത്താവിനുവേണ്ടി ഒരാലയം പണിയണം. ഇതുവരെ ആരും പണിതിട്ടില്ലാത്തത്ര മനോഹരമായ ഒരു ദേവാലയം.
!
അങ്ങയുടെ ഇഷ്ടംപോലെ ചെയ്തുകൊള്ളൂ. കർത്താവ് അങ്ങയോടു കൂടെയുണ്ട്.


അന്നു രാത്രി നാഥാനു കർത്താവിൻറെ അരുളപ്പാടുണ്ടായി.
നാഥാൻ, എൻറെ ദാസനായ ദാവീദിനോടു പറയുക.


ഈജിപ്തിൽനിന്നു നിങ്ങളെ
മോചിപ്പിച്ച നാൾ മുതൽ
ഇന്നുവരെ ഞാൻ നിങ്ങളോടൊപ്പം
കൂടാരത്തിൽ വസിച്ചു. നീ
എനിക്കുവേണ്ടി ആലയം
പണിയേണ്ട. ഞാൻ നിനക്കുവേണ്ടി
ഒരാലയം പണിയും.


ആട്ടിടയനായിരുന്ന നിന്നെ ഞാനാണ് രാജാവാക്കിയത്. നിൻറെ സിംഹാസനം ഞാൻ എന്നേക്കും സുസ്ഥിരമാക്കും. നിൻറെ സന്തതിയിലൂടെ ഞാൻ എന്നേക്കും ഇസ്രായേലിൽ ഭരണം നടത്തും.
!





ദാവീദിന്റെയും
സോളമന്റെയും രാജ്യം
(ബി. സി. 1000 – 930)



യൂഫ്രട്ടീസ് നദീ തീരം വരെയുള്ള രാജ്യങ്ങൾ ദാവീദു കീഴടക്കി. അന്നൊരു ദിവസം ദാവീദ് യോവാബിനോട്.
എന്ത്? അമ്മോന്യർ കപ്പം തരാൻ വിസമ്മതി-ക്കുന്നെന്നോ? കഴിഞ്ഞ വർഷത്തെ യുദ്ധത്തിൽ നിന്ന് അവർ ഇനിയും പഠിച്ചില്ലേ? ഈ ധിക്കാരം തുടരാൻ അനുവദിച്ചുകൂടാ.
തലസ്ഥാനമായ റബ്ബാ പിടിച്ചെടുത്താൽ അവരുടെ അഹങ്കാരം അവസാനിക്കും
!
ശരി, റബ്ബാ വളയുക, കോട്ട നശിപ്പിക്കരുത്. അതു നമുക്കുപകരിക്കും.


യോവാബും സൈന്യവും യുദ്ധത്തിനു പോയിക്കഴിഞ്ഞപ്പോൾ
വെയിൽ ചാഞ്ഞിട്ടും എന്തൊരുഷ്ണം! മട്ടുപ്പാവിൽ കയറി അല്പം ഉലാത്തിക്കളയാം.


അതാരാണാ കുളിക്കുന്നത്? ഇത്ര സുന്ദരിയായ ഒരു സ്ത്രീ എൻറെ അയലത്തുണ്ടായിട്ടു രാജാവായ ഞാൻ അറിഞ്ഞില്ലെന്നോ?



സേവകനെ അയച്ചു ദാവീദ് അവളെ അരമനയിലേക്കു വരുത്തി.
ഇരിക്കൂ, പേരെന്താണ്?
ബത്ഷേബാ. ഊറിയായുടെ ഭാര്യയാണു ഞാൻ.
ബത്ഷേബാ! എത്ര മനോഹരമായ പേര്. ജസ്രേലിലെ മുന്തിരിത്തോപ്പിൽ നിന്നു കൊണ്ടുവന്നതാണിത്.


ഇന്ന് നീ ഇവിടെ വസിക്കണം. ഏകാന്തത എന്നെ വീർപ്പുമുട്ടിക്കുന്നു, ബത്ഷേബാ .
അയ്യോ, തിരുമേനീ, ഞാൻ.....



നീയൊന്നും ഭയപ്പെടേണ്ട.
!?


രാജാവിൻറെ നിർബന്ധത്തിനു വഴങ്ങി ബത്‌ഷേബാ അന്നു രാത്രി കൊട്ടാരത്തിൽ ചിലവഴിച്ചു. രണ്ടു മാസങ്ങൾക്കു ശേഷം താൻ ഗർഭിണിയാണെന്ന വിവരം അവൾ ദാവീദിനെ അറിയിച്ചു. അപ്പോൾ:
റബ്ബായിലെ യുദ്ധവാർത്ത ഒന്നും അറിയുന്നില്ലല്ലോ. പോയി അന്വേഷിച്ചു വരൂ. ഊറിയായെ ഇങ്ങോട്ടയയ്ക്കാൻ യോവാബിനോട് പ്രത്യേകം പറയണം.
!!



അബദ്ധമായി.
ഇനി ഊറിയായെ
അവളുടെ അടുക്കലേക്കു
പറഞ്ഞയക്കുകയാണ്
ഏകമാർഗ്ഗം.


യുദ്ധം എങ്ങനെ പോകുന്നു ഊറിയാ? അമ്മോന്യർ കീഴടങ്ങാൻ തയ്യാറല്ല അല്ലേ?
അവർ വാതിലടച്ച് അകത്തു കഴിയുന്നു. ഞങ്ങൾ ഇതുവരെ ആക്രമിച്ചില്ല. പട്ടണം വളഞ്ഞു പാളയമടിച്ചു കിടക്കുകയാണ്.



ഭക്ഷണം തീരുമ്പോൾ അവർ പുറത്തു വരാതിരിക്കില്ല.
ഇതാ കുടിക്കൂ.
!



ഊറിയാ വീഞ്ഞുകുടിച്ച് ഉന്മത്തനായപ്പോൾ ദാവീദ് അയാളെ വീട്ടിലേക്കു പറഞ്ഞയച്ചു. പക്ഷേ ഊറിയാ പോയില്ല. പിറ്റേന്ന്.
ഊറിയാ നീ എന്തേ ഇന്നലെ വീട്ടിൽ പോയില്ല? നിൻറെ ഭാര്യ നിന്നെ കാത്തിരിക്കുകയല്ലേ?
!?
എൻറെ യജമാനൻ യോവാബും കൂട്ടുകാരായ പടയാളികളും പടക്കളത്തിൽ വസിക്കുമ്പോൾ ഞാൻ.....


അന്നു രാത്രിയും ദാവീദ് ശ്രമിച്ചെങ്കിലും ഊറിയായെ വീട്ടിലേക്കയയ്ക്കാൻ കഴിഞ്ഞില്ല. അതിനാൽ പിറ്റേന്ന് പ്രഭാതത്തിൽ.
ഈ കത്ത് യോവാബിനു കൊടുക്കണം. പട്ടണത്തിനു ചുറ്റും കാത്തുകിടന്നതു മതി. കടന്നാക്രമിക്കാൻ സമയമായി.
!


ഊറിയാ പടക്കളത്തിൽ തിരിച്ചെത്തി.
രാജാവു തന്നയച്ചതാണ്.
ശരി, പോയി വിശ്രമിക്കു! ദീർഘയാത്ര കഴിഞ്ഞു വന്നതല്ലേ.


നാളെ യുദ്ധം ആരംഭിക്കുക. ഊറിയായെ മുൻപന്തിയിൽ നിർത്തണം. അമ്മോന്യർ ആക്രമിക്കുമ്പോൾ സൈന്യത്തെ പിൻവലിക്കുക. ഊറിയാ മരിക്കട്ടെ.
?!



പിറ്റേന്ന്
?
ആ....


ഊറിയാ മരിച്ച വിവരം അറിഞ്ഞ് ദാവീദ് സൈന്യവുമായി പുറപ്പെട്ടു റബ്ബാ ആക്രമിച്ചു കീഴടക്കി. തിരിച്ചെത്തിയശേഷം ബത്ഷേബായെ ഭാര്യയായി സ്വീകരിച്ചു.
ഇതാര്, നഥാൻ പ്രവാചകനോ? വരൂ, എത്രനാളായി കണ്ടിട്ട്.
മഹാരാജാവേ, അങ്ങയുടെ നാട്ടിൽ വലിയൊരനീതി നടന്നിരിക്കുന്നു.
എന്താണത്? പറയൂ!


ഒരു ധനികനായ കൃഷിക്കാരന് ആയിരം ആടുകളുണ്ടായിരുന്നു. അവൻറെ അടുത്ത് ഒരു ദരിദ്രൻ വസിച്ചിരുന്നു. ഒരു പെണ്ണാട്ടിൻകുട്ടി മാത്രമാണ് അവനുണ്ടായിരുന്നത്.



അവൻറെ പാത്രത്തിൽനിന്ന് ആ കുഞ്ഞാടു ഭക്ഷിച്ചു.
അവൻറെ മടിയിൽ അതുറങ്ങി. തൻറെ മകളെപ്പോലെ
അവൻ അതിനെ വളർത്തി.


ധനികൻറെ വീട്ടിൽ ഒരു
വിരുന്നുകാരൻ വന്നപ്പോൾ ആ
ദരിദ്രൻറെ കുഞ്ഞാടിനെ
ബലമായി പിടിച്ചു
കഴുത്തറത്തു കറിയൊരുക്കി.


നിർത്തൂ!
ആ മനുഷ്യൻ ആരായാലും മരിക്കണം.
എൻറെ നാട്ടിൽ ഇത്തരമൊരനീതി
ഞാൻ വച്ചു പൊറുപ്പിക്കില്ല.



ആ മനുഷ്യൻ
നീ തന്നെ!
!!?


ആടുമേയിച്ചു നടന്ന നിന്നെ ഞാൻ എൻറെ ജനത്തിൻറെ രാജാവാക്കി. അരമനകളും സമ്പത്തും നൽകി. പിന്നെ എന്തിനു നീ ഊറിയായെ ചതിയിൽ കൊല്ലിച്ചു? അവൻറെ ഭാര്യയെ നീ അപഹരിച്ചു?
!!


കർത്താവിനെ നീ നിന്ദിച്ചു. നിൻറെ ഭവനത്തിൽനിന്നുതന്നെ നിനക്കെതിരേ ഞാൻ വാൾ ഉയർത്തും. വ്യഭിചാരത്തിൽ നിന്നു ജനിച്ച നിൻറെ സന്തതി മരിക്കും.
ഞാൻ തെറ്റു ചെയ്തുപോയി.


കർത്താവേ, കരുണ തോന്നണമേ. എൻറെ അതിക്രമങ്ങൾ മായിച്ചുകളയണമേ. എന്നെ കഴുകി ശുദ്ധിയാക്കണമേ.


അനുതാപത്താൽ തകർന്ന ഹൃദയത്തോടെ ദാവീദ് മാപ്പിരന്നു. എങ്കിലും ബത്ഷേബായിൽ ജനിച്ച കുട്ടി മരിച്ചു.






കർത്താവേ, അങ്ങയുടെ വിധികൾ നീതിയുക്തമാണ്. അങ്ങു പാപങ്ങളെ ല്ലാം ഓർത്തിരുന്നാൽ ആർക്കു രക്ഷയുണ്ടാകും!


ബത്ഷേബാ വീണ്ടും ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിച്ചു. അവന് സോളമൻ എന്ന് പേരിട്ടു.
!
കർത്താവ് എൻറെ പാപങ്ങൾ ക്ഷമിച്ചിരിക്കുന്നു. എനിക്കു ശേഷം ഈ മകൻ - സോളമൻ - ആയിരിക്കും ഇസ്രായേലിനെ ഭരിക്കുക.



പക്ഷേ അനേകം ഭാര്യമാരും മക്കളും ഉണ്ടായിരുന്ന ദാവീദിൻറെ അനർത്ഥങ്ങൾ ആരംഭിച്ചതേയുള്ളു. ഒരു ദിവസം ദാവീദിൻറെ മകൻ അബ്ശലോം സ്വന്തം സഹോദരി താമാറുമായി സംസാരിക്കുന്നു.
താമാർ നിനക്കെന്തു പറ്റി?
ആ അമ്നോൻ എന്നെ നശിപ്പിച്ചു ചേട്ടാ.
?


രോഗിയായി കിടന്ന ചേട്ടനോ?
ങ്ഹും, രോഗം! അതു വെറും നാട്യമായിരുന്നു. അപ്പനെ പറഞ്ഞു വശീകരിച്ച്അവൻറെ മുറിയിൽ ചെന്ന് ഭക്ഷണം പാകം ചെയ്യാൻ എന്നെ നിർബന്ധിച്ചു....
?


അമ്നോൻ, നീ ഇതിനു പരിഹാരം ചെയ്യണം.


പ്രതികാരം മനസ്സിൽ സൂക്ഷിച്ച അബ്ശലോം മാസങ്ങൾക്കുശേഷം രാജകുമാരന്മാർക്ക് ഒരു വിരുന്നൊരുക്കി.
വെട്ടൂ, താമാറിനോടു ചെയ്തതിനു പരിഹാരമാകട്ടെ
?!!!
!
രാജകോപത്തെ ഭയന്ന് അബ്ശലോം ഒളിച്ചോടി.


വർഷങ്ങൾക്കുശേഷം രാജാനുമതിയോടെ അബ്ശലോം ഹെബ്രോണിൽ വാസമുറപ്പിച്ചു. ദാവീദിൻറെ ഭരണത്തിൽ അസംതൃപ്തരായ ജനം പൊള്ളയായ വാഗ്ദാനങ്ങളിൽ വിശ്വസിച്ച് അബ്ശലോമിൻറെ പിന്നിൽ അണിനിരന്നു. അന്നൊരുദിവസം ജറുസലേമിൽ.
തിരുമേനീ, ആബ്ശലോം ഹെബ്രോണിൽ രാജാവായി സ്വയം പ്രഖ്യാപിച്ചിരിക്കുന്നു. സൈന്യസമേതം അവൻ പുറപ്പെട്ടു കഴിഞ്ഞു.
നാം ഉടനെ സ്ഥലം വിടണം.
സൈന്യം മുക്കാൽ ഭാഗവും അവൻറെ കൂടെയാണ്. എങ്കിലും ഈ കോട്ട നമുക്കു സംരക്ഷിക്കാൻ കഴിയും.
!


ഇപ്പോൾ യുദ്ധത്തിനു നിൽക്കുന്നതു ബുദ്ധിയല്ല. തല്ക്കാലം ജോർദ്ദാനക്കരെ വന-ത്തിലേക്ക് പിന്മാറാം.

മകൻ അബ്ശലോമിനെ ഭയന്ന് ദാവീദും പരിവാരവും ഒളിച്ചോടി.




ഒലിവുമലയുടെ കയറ്റത്തിൽനിന്നു ദാവീദ് ജറുസലേമിനെ നോക്കി വിലപിച്ചു.



ഒളിച്ചോടിയ ദാവീദിനെ ഗ്രാമീണരിൽ ചിലർ ശപിച്ചു.






യജമാനനേ, ഞാൻ അവൻറെ നാവരിയട്ടെ?
വേണ്ടാ, എന്നെ ശപിക്കാൻ കർത്താവാണ് അവനെ അയച്ചത്.


മരുഭുമിയിലെത്തിയ ദാവീദ് ഹൃദയം പൊട്ടിക്കരഞ്ഞു.
കർത്താവ് തൻറെ സന്നിധിയിൽനിന്ന് എന്നെ ആട്ടിപ്പായിച്ചിരിക്കുന്നു. എൻറെ മിത്രങ്ങളായിരുന്നവരെല്ലാം ഇന്ന് എനിക്ക് എതിരായിരിക്കുന്നു.


കർത്താവ് നൽകുന്ന ഈ ശിക്ഷ തികച്ചും നീതിയുക്തമാണ്. എങ്കിലും കർത്താവേ, എൻറെ ആത്മാവ് അങ്ങേക്കുവേണ്ടി ദാഹിക്കുന്നു. അങ്ങയെ കാണാതെ ഞാൻ തളരുന്നു.



എൻറെ പ്രാർത്ഥന ചെവിക്കൊള്ളണമേ. പാപങ്ങൾ പൊറുത്ത് എന്നോടു കരുണ കാട്ടണമേ.


വലിയൊരു സൈന്യവുമായി വന്ന് അബ്ശലോം ജറുസലേം കീഴടക്കി. എതിർത്തു നിൽക്കുവാൻ ആരും ഉണ്ടായിരുന്നില്ല.
നാഥാൻ പ്രവാചകൻ വഴി കർത്താവ് അരുളിച്ചെയ്തതു നിറവേറുകയാണിന്ന്.
ഊറിയായയുടെ രക്തത്തിനു പ്രതികാരമാണിത്.
എന്നാൽ അങ്ങയുടെ പിതാവ് ജീവിച്ചിരിക്കുന്നിടത്തോളം കാലം നമുക്കു സമാധാനമുണ്ടാകില്ല.


ഉടനേ പിന്തുടർന്നാൽ ഇന്നുതന്നെ പിടികൂടാം.
ഹൂഷായി എന്തു പറയുന്നു?
!


ഇപ്പോൾ ആക്രമിക്കാൻ പോകുന്നത് അപകടമാണ്. കൂടുതൽ സൈന്യത്തെ ഒരുക്കി നേരിട്ടു യുദ്ധത്തിൽ തോൽപ്പിച്ചാൽ ജനം അങ്ങയെ മാനിക്കും.
ശരി, അതാണു നല്ലത്.
!!


വിപുലമായ സജ്ജീകരണങ്ങൾക്കുശേഷം അബ്ശലോം ദാവീദിനെതിരേ സൈന്യവുമായി പുറപ്പെട്ടു. അതേ സമയം ദാവീദ് തൻറെ അനുചരന്മാരോട്:
ഇന്നു രാത്രി ജോർദ്ദാൻ കടന്ന് അവരെ ആക്രമിക്കണം. കുമാരന് ഒരു അപകടവും വരുത്താതെ പ്രത്യേകം ശ്രദ്ധിച്ചുകൊള്ളണം.


പിറ്റേന്ന് പ്രഭാതത്തിൽ ഇരു സൈന്യങ്ങളും വനത്തിൽവച്ച് ഏറ്റുമുട്ടി. തോറ്റോടിയ അബ്ശലോമിൻറെ മുടി മരക്കൊമ്പിൽ ഉടക്കി. യൊവാബ്അവൻറെ നേരേ കുന്തം എറിഞ്ഞു.
ആ....


ദാവീദ് രാജാവ് നീണാൾ വാഴട്ടെ.ശത്രുക്കളെല്ലാം പരാജയപ്പെട്ടിരിക്കുന്നു.
കുമാരൻ അബ്ശലോം?
രാജാവിനെതിരേ കരമുയർത്തിയവരാരും ജീവിച്ചിരിപ്പില്ല.


അബ്ശലോം,
എൻറെ മകനേ ,
അബ്ശലോം...

മകൻറെ മരണത്തിൽ ദുഃഖാർത്തനായിട്ടാണ് ദാവീദ്
ജറുസലേമിലേക്കു മടങ്ങിയത്. ആഭ്യന്തര കലാപങ്ങൾ
വീണ്ടും പലതുണ്ടായി. എല്ലാം ജയിച്ചെങ്കിലും ദാവീദിൻറെ
വാർദ്ധക്യം ദുഃഖപൂർണ്ണമായിരുന്നു.
രാജകുമാരന്മാർക്കിടയിൽ കലാപം..
അരമനയിലെ ഉപജാപങ്ങൾക്കിടയിൽ കിരീടമണിയുന്ന
ജ്ഞാനിയായ മകൻ....



# സോളമൻ

അടുത്ത ചിത്രകഥ

# ചോദ്യങ്ങൾ

1. ഇസ്രായേൽജനം വലിയൊരു പ്രതിസന്ധിയെ നേരിടുമ്പോഴാണ് ദാവീദ് രാജാവായത്. വിശദമാക്കുക.
2. എങ്ങനെയാണ് ദാവീദ് ഇസ്രായേൽ ഗോത്രങ്ങളുടെയെല്ലാം പ്രീതി നേടിയത്?
3. ജെറുസലെം എന്ന പേരിൻറെ അർത്ഥം എന്ത്?
4. ദാവീദിൻറെ രണ്ടു സേനാനായകരുടെ പേരു പറയുക.
5. ദാവീദു നിയമിച്ച രണ്ടു പ്രധാന പുരോഹിതന്മാരുടെ പേര് പറയുക.
6. കർത്താവു ദാവീദിന് നൽകിയ വാഗ്ദാനം എന്ത്?
7. ദാവീദിന്റെ അധപതനത്തിന്റെ കാരണം എന്ത്?
8. നാഥാൻ ദാവീദിനോട് പറഞ്ഞ കഥ വിവരിക്കുക.
9. ദാവീദ് തന്റെ കൊട്ടാരത്തിൽ നിന്നും ഒളിച്ചോടാൻ ഇടയായ സാഹചര്യം വിവരിക്കുക.
10. അനുതാപത്തിൻറെ മാതൃകയാണ് ദാവീദ്. വിശദമാക്കുക

# സമ്പൂർണ്ണ ബൈബിൾ ചിത്രകഥകളിലൂടെ

1. കായേനും ആബേലും
2. അബ്രാഹം
3. യാക്കോബ്
4. ജോസഫ്
5. മോശ
6. ജോഷ്വാ
7. സാംസൺ
8. റൂത്ത്
9. സാമുവേൽ
10. സാവൂൾ
11. ദാവീദ്
12. ദാവീദുരാജാവ്
13. സോളമൻ
14. ഏലിയാ
15. ആമോസ്
16. ഹോസിയാ
17. മിക്കാ
18. ഏശയ്യാ
19. ജറെമിയാ
20. എസേക്കിയേൽ
21. സഖറിയാ
22. യോനാ
23. ജോബ്
24. തോബിത്
25. ദാനിയേൽ
26. സൂസന്ന
27. എസ്തേർ
28. യൂദിത്ത്
29. മക്കബേയൂസ്
30. മക്കബായർ
31. കാത്തിരിപ്പ്
32. ലോകത്തിന്റെ പ്രകാശം
33. മുന്നോടി
34. പ്രവാചകൻ
35. വിമോചകൻ
36. വരാനിരുന്നവൻ
37. പ്രപഞ്ചത്തിന്റെ നാഥൻ
38. ദൈവപുത്രൻ
39. മനുഷ്യപുത്രൻ
40. കുരിശിന്റെ നിഴലിൽ
41. മാർഗ്ഗം
42. ദാവീദിന്റെ പുത്രൻ
43. ജീവന്റെ അപ്പം
44. രക്ഷകൻ
45. എന്നും നമ്മോടുകൂടെ
46. തീനാവുകൾ
47. രക്തസ്നാനം
48. അകലങ്ങളിലേക്ക്
49. നൈവേദ്യം
50. പുതിയ ആകാശവും പുതിയ ഭൂമിയും